എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

كَذَٰلِكَ أَرْسَلْنَٰكَ فِىٓ أُمَّةٍ قَدْ خَلَتْ مِن قَبْلِهَآ أُمَمٌ لِّتَتْلُوَا۟ عَلَيْهِمُ ٱلَّذِىٓ
أَوْحَيْنَآ إِلَيْكَ وَهُمْ يَكْفُرُونَ بِٱلرَّحْمَٰنِ ۚ قُلْ هُوَ رَبِّى لَآ إِلَٰهَ إِلَّا هُوَ عَلَيْهِ
تَوَكَّلْتُ وَإِلَيْهِ مَتَابِ ﴿٣٠﴾

**30** പ്രവാചകാ, മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളിൽ ദൈവദൂതന്മാരെ നിയോഗിച്ചതുപോലെ, അവർക്കു ശേഷം വന്ന സമുദായത്തിൽ നിന്നെ നാം ദൈവദൂതനായി നിയോഗിച്ചിരിക്കുന്നു; നാം ബോധനം ചെയ്തു തന്നിട്ടുള്ള വേദപ്രമാണങ്ങൾ നീ അവർക്ക് ഓതിക്കൊടുക്കുന്നതിനു വേണ്ടി. അവരോ, പരമകാരുണികനായ ദൈവത്തെ നിഷേധിച്ചു വാഴുകയാകുന്നു. നീ അവരെ പ്രബോധനം ചെയ്യുക: ആ പരമകാരുണികനായ ദൈവമാകുന്നു എന്റെ വിധാതാവ്. അവനല്ലാതെ ദൈവമേതുമില്ല. ഞാൻ സർവവും അവനിൽ സമർപ്പിച്ചിരിക്കുന്നു. അവൻ മാത്രമാണെന്റെ ശരണാലയം.

وَلَوْ أَنَّ قُرْءَانًا سُيِّرَتْ بِهِ ٱلْجِبَالُ أَوْ قُطِّعَتْ بِهِ ٱلْأَرْضُ أَوْ كُلِّمَ بِهِ ٱلْمَوْتَىٰ ۗ
بَل لِّلَّهِ ٱلْأَمْرُ جَمِيعًا ۗ أَفَلَمْ يَا۟يْـَٔسِ ٱلَّذِينَ ءَامَنُوٓا۟ أَن لَّوْ يَشَآءُ ٱللَّهُ لَهَدَى ٱلنَّاسَ
جَمِيعًا ۗ وَلَا يَزَالُ ٱلَّذِينَ كَفَرُوا۟ تُصِيبُهُم بِمَا صَنَعُوا۟ قَارِعَةٌ أَوْ تَحُلُّ قَرِيبًا
مِّن دَارِهِمْ حَتَّىٰ يَأْتِىَ وَعْدُ ٱللَّهِ ۚ إِنَّ ٱللَّهَ لَا يُخْلِفُ ٱلْمِيعَادَ ﴿٣١﴾

**31** പർവതങ്ങളെ ചലിപ്പിക്കുകയോ ഭൂമിയെ പിളർക്കുകയോ മരിച്ചവരെ സംസാരിപ്പിക്കുകയോ ചെയ്യുന്ന ഒരു ഖുർആൻ തന്നെ ഇറങ്ങിയാലും എന്തുമെച്ചം! ഒന്നുമില്ല. എന്നാൽ, ഇത്തരം അത്ഭുതങ്ങൾ കാണിക്കുക അല്ലാഹുവിന്ന് നിഷ്പ്രയാസമാകുന്നു. അവന്റെ മാത്രം കരങ്ങളിലാകുന്നു കാര്യങ്ങളൊക്കെയും. അവിശ്വാസികളുടെ ആവശ്യമനുസരിച്ച് ദിവ്യാത്ഭുതം പ്രത്യക്ഷപ്പെട്ടേക്കുമെന്ന് ആശിക്കുന്ന സത്യവിശ്വാസികൾ, അല്ലാഹു ഇഛിക്കുന്നുവെങ്കിൽ സകലജനത്തെയും സന്മാർഗത്തിലാക്കുമായിരുന്നു എന്ന് മനസ്സിലാക്കി ഇനിയും ആ ആശ വെടിഞ്ഞിട്ടില്ലെയോ?! അല്ലാഹുവിനോട് ധിക്കാരമനുവർത്തിച്ചവർ അവരുടെ ചെയ്തികൾ മൂലം ഓരോരോ ആഘാതങ്ങളേറ്റുകൊണ്ടേയിരിക്കുന്നു. അല്ലെങ്കിൽ അവരുടെ നാടിന്റെ പരിസരങ്ങളിൽ ആപത്തിറങ്ങുന്നു. അല്ലാഹുവിന്റെ വാഗ്ദാനം പുലരുന്നതുവരെ അതങ്ങനെ തുടർന്നുകൊണ്ടിരിക്കും. അല്ലാഹുവോ, അശേഷം വാഗ്ദാനം ലംഘിക്കുകയില്ല.

وَلَقَدِ ٱسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَأَمْلَيْتُ لِلَّذِينَ كَفَرُوا۟ ثُمَّ أَخَذْتُهُمْ ۖ
فَكَيْفَ كَانَ عِقَابِ ﴿٣٢﴾

**32** നിനക്കുമുമ്പും പലപല ദൈവദൂതന്മാർ പരിഹസിക്കപ്പെട്ടിരിക്കുന്നു. അപ്പോഴൊക്കെ ധർമധിക്കാരികൾക്ക് നാം സാവകാശം നൽകുകയായിരുന്നു. ഒടുവിൽ ഞാനവരെ പിടികൂടി. എന്റെ ശിക്ഷ എത്ര കൊടൂരമായിരുന്നുവെന്നോ!

كَذَٰلِكَ= അപ്രകാരം(മുമ്പുകഴിഞ്ഞുപോയ സമുദായങ്ങളിൽ ദൈവദൂതന്മാരെ നിയോഗിച്ചതുപോലെ)

أَرْسَلْنَٰكَ= നാം നിന്നെ അയച്ചു(ദൈവദൂതനായി നിയോഗിച്ചിരിക്കുന്നു)

فِىٓ أُمَّةٍ= (അവർക്കുശേഷം വന്ന ഈ) സമുദായത്തിൽ قَدْ خَلَتْ= തീർച്ചയായും കഴിഞ്ഞുപോയി(പോയ)

مِن قَبْلِهَآ= അതിന്(ഈ സമുദായത്തിന്)മുമ്പ് أُمَمٌ= സമുദായങ്ങൾ لِّتَتْلُوَا۟ عَلَيْهِمُ= നീ അവർക്ക് ഓതിക്കൊടുക്കാൻ

ٱلَّذِىٓ أَوْحَيْنَآ= നാം ദിവ്യബോധനം ചെയ്തു തന്നിട്ടുള്ളതിനെ(വേദപ്രമാണങ്ങൾ) إِلَيْكَ= നിന്നിലേക്ക് وَهُمْ= അവർ(രോ)

يَكْفُرُونَ= നിഷേധിക്കുന്നു(നിഷേധിച്ചു വാഴുകയാകുന്നു) بِٱلرَّحْمَٰنِ= പരമകാരുണികനെ(കനായ ദൈവത്തെ)

قُلْ= നീ പറയുക(അവരെ പ്രബോധനം ചെയ്യുക) هُوَ رَبِّى= അവൻ(ആ പരമകാരുണികനായ ദൈവം) ആകുന്നു എന്റെ വിധാതാവ്

لَآ إِلَٰهَ إِلَّا هُوَ= അവൻ അല്ലാതെ ദൈവം(ഏതും)ഇല്ല عَلَيْهِ تَوَكَّلْتُ= അവന് മാത്രം ഞാൻ (സർവവും) സമർപ്പിച്ചിരിക്കുന്നു

وَإِلَيْهِ= അവനിലേക്ക്(അവൻ മാത്രം)ആകുന്നു مَتَابِ= എന്റെ പശ്ചാത്തപിച്ചു മടങ്ങുന്ന സ്ഥലം(ശരണാലയം)

وَلَوْ أَنَّ قُرْءَانًا= ഒരു ഖുർആൻ ആണെങ്കിലും(ഒരു ഖുർആൻ തന്നെ ഇറങ്ങിയാലും എന്തുമെച്ചം?)

سُيِّرَتْ بِهِ= അതുകൊണ്ട് ചലിപ്പിക്കപ്പെട്ടു(ചലിപ്പിക്കുകയോ) ٱلْجِبَالُ= പർവതങ്ങൾ(ളെ)

أَوْ قُطِّعَتْ بِهِ ٱلْأَرْضُ= അല്ലെങ്കിൽ അതുകൊണ്ട് ഭൂമി മുറിക്കപ്പെട്ടു(ഭൂമിയെ പിളർക്കുകയോ)

أَوْ كُلِّمَ بِهِ= അല്ലെങ്കിൽ അതുകൊണ്ട് സംസാരിപ്പിക്കപ്പെട്ടു(സംസാരിപ്പിക്കുകയോ ചെയ്യുന്ന) ٱلْمَوْتَىٰ= മരിച്ചവരെ

بَل= (ഒന്നുമില്ല) എന്നാൽ لِّلَّهِ ٱلْأَمْرُ جَمِيعًا= കാര്യങ്ങൾ, അധികാരങ്ങൾ ഒക്കെയും അല്ലാഹുവിന്ന്(ന്റെ കരങ്ങളിൽ മാത്രമാകുന്നു)

أَفَلَمْ يَا۟يْـَٔسِ= നിരാശപ്പെട്ടില്ലേ(മനസ്സിലാക്കി ആ ആശ ഇനിയും വെടിഞ്ഞിട്ടില്ലെയോ?) ٱلَّذِينَ ءَامَنُوٓا۟= സത്യവിശ്വാസികളായവർ

أَن لَّوْ يَشَآءُ ٱللَّهُ= എന്തെന്നാൽ അല്ലാഹു ഇഛിക്കുകയാണെങ്കിൽ

لَهَدَى ٱلنَّاسَ جَمِيعًا= സകല ജനത്തെയും തീർച്ചയായും അവൻ സന്മാർഗത്തിലാക്കുമായിരുന്നു(എന്ന്)

وَلَا يَزَالُ ٱلَّذِينَ كَفَرُوا۟ تُصِيبُهُم= സത്യനിഷേധികളായവരെ ബാധിച്ചുകൊണ്ടേയിരിക്കും(അല്ലാഹുവിനോട്

ധിക്കാരമനുവർത്തിച്ചവർ ഏറ്റുകൊണ്ടേയിരിക്കുന്നു)

بِمَا صَنَعُوا۟= അവർ നിർമിച്ചതിനാൽ(അവരുടെ ചെയ്തികൾ മൂലം) قَارِعَةٌ= (ഓരോരോ) ആഘാതം, അത്യാഹിതം

أَوْ تَحُلُّ= അല്ലെങ്കിൽ(ആപത്ത്) ഇറങ്ങുന്നു قَرِيبًا مِّن دَارِهِمْ= അവരുടെ വീടിന്റെ അടുത്തായി(നാട്ടിന്റെ പരിസരങ്ങളിൽ)

حَتَّىٰ يَأْتِىَ= വരുന്നതുവരെ, അങ്ങനെ വന്നെത്തും وَعْدُ ٱللَّهِ= അല്ലാഹുവിന്റെ വാഗ്ദാനം

إِنَّ ٱللَّهَ لَا يُخْلِفُ= തീർച്ചയായും അല്ലാഹു ലംഘിക്കുകയില്ല ٱلْمِيعَادَ= വാഗ്ദാനം وَلَقَدِ ٱسْتُهْزِئَ= തീർച്ചയായും പരിഹസിക്കപ്പെട്ടിരിക്കുന്നു

بِرُسُلٍ= (പല പല) ദൈവദൂതന്മാർ مِّن قَبْلِكَ= നിനക്കു മുമ്പ്(വന്ന) فَأَمْلَيْتُ= അപ്പോൾ (ഒക്കെ) ഞാൻ സാവകാശം നൽകുകയായിരുന്നു

لِلَّذِينَ كَفَرُوا۟= സത്യനിഷേധികൾക്ക്, ധർമധിക്കാരികൾക്ക് ثُمَّ أَخَذْتُهُمْ= പിന്നെ(ഒടുവിൽ) ഞാൻ അവരെ പിടികൂടി

فَكَيْفَ كَانَ= എങ്ങനെ ആയിരുന്നു(നോക്കൂ, എത്ര കൊടൂരമായിരുന്നു) عِقَابِ= എന്റെ ശിക്ഷ

**30–31:** പ്രവാചകനിൽ വിശ്വസിക്കണമെങ്കിൽ അദ്ദേഹം ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തേണമെന്ന് വിഗ്രഹാരധകർ ആവശ്യപ്പെട്ടതിനെക്കുറിച്ചു പ്രസ്താവിച്ച 27-ാം സൂക്തവുമായി ബന്ധപ്പെട്ടതാണീ സൂക്തങ്ങൾ; ഇവയുടെ അവതരണ പശ്ചാത്തലം സംബന്ധിച്ച് ത്വബ്റാനി, ഇബ്നു ജരീർ ഇബ്നു അബീ ഹാതിം, ഇബ്നു അബീ ശൈബ് തുടങ്ങിയ ഹദീസ് പണ്ഡിതന്മാർ നിരവധി നിവേദനങ്ങൾ ഉദ്ധരിക്കുന്നുണ്ട്. അവയുടെ ചുരുക്കം ഇതാണ്: ഖുറൈശികൾ പ്രവാചകനോട് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു: ഹേ മുഹമ്മദ് നീ ഓതുന്നത് വേദമാണ്, ദൈവിക വെളിപാടാണ് എന്നൊക്കെ നീ പറഞ്ഞതുകൊണ്ട് മാത്രം ഞങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല. നീ പറയുന്നത് സത്യം തന്നെയാണെന്ന് തെളിയിക്കുന്ന അത്ഭുത ദൃഷ്ടാന്തങ്ങൾ കാണിച്ചു തന്നാലേ ഞങ്ങൾ വിശ്വസിക്കൂ. ദാവൂദ് നബിക്ക് ദൈവം പർവതങ്ങൾ കീഴ്പ്പെടുത്തിക്കൊടുത്തിരുന്നു എന്നു പറയുന്നുണ്ടല്ലോ. നമ്മുടെ ഈ മക്ക പർവതങ്ങളാൽ ചുറ്റപ്പെട്ട ഒരിടുങ്ങിയ പ്രദേശമാണ്. ഇവിടെ തോട്ടങ്ങളില്ല. കൃഷിയിടങ്ങളുമില്ല. അതിനൊന്നും സ്ഥലവുമില്ല. നീ നിന്റെ ഖുർആൻ മന്ത്രിച്ച് ഈ പർവതങ്ങളെ നാലോ അഞ്ചോ നാളത്തെ സഞ്ചാര ദൂരത്തേക്ക് മാറ്റിനിർത്തുക. അങ്ങനെ നമ്മുടെ നാട് കൃഷിയോഗ്യമായ ഭൂമിയാകട്ടെ. പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും കൃഷിചെയ്ത് ഞങ്ങൾ നാടിനെ സമൃദ്ധമാക്കട്ടെ. എങ്കിൽ അവശ്യ വിഭവങ്ങൾക്കുവേണ്ടിയുള്ള ക്ലിഷ്ടമായ ശൈത്യകാല യാത്രയും ശിശിരകാല യാത്രയും നമുക്ക് ഒഴിവാക്കാം. അതുവയ്യെങ്കിൽ ഭൂമിയെ പിളർത്തി നദികളൊഴുക്കുക. നമുക്ക് യഥേഷ്ടം വെള്ളം ലഭിക്കട്ടെ. സുലൈമാൻ നബി കാറ്റുകൊണ്ട് അദ്ദേഹത്തിന്റെ ജനതക്ക് ഭൂമി പിളർത്തിക്കൊടുത്തിരുന്നുവല്ലോ. മൂസാനബി കടലിനെ പിളർത്തിയതും പ്രസിദ്ധമാണ്. അതും ചെയ്യുന്നില്ലെങ്കിൽ ഈസാ നബി ചെയ്ത

തുപോലെ മരിച്ചവരെക്കൊണ്ട് സംസാരിപ്പിച്ചുകാണിക്കുക. അതുമല്ലെങ്കിൽ പ്രവാചകന്മാരെ തള്ളിപ്പറയുകയും ദ്രോഹിക്കുകയും ചെയ്തവർക്ക് വന്നുഭവിച്ചുവെന്ന് നീ ഞങ്ങളെ താക്കീതു ചെയ്യുന്ന ദൈവിക ശിക്ഷകൾ, അല്ലെങ്കിൽ ലോകാവസാനം തന്നെ ഒന്നു സംഭവിപ്പിച്ചു കാണിക്കുക.

ഇതെല്ലാം കേൾക്കുന്ന വിശ്വാസികളിൽ ചിലർ ഇങ്ങനെ ആശിച്ചിരുന്നു: ഇവരിപ്പറയുന്ന ദൃഷ്ടാന്തങ്ങളിൽ ഏതെങ്കിലുമൊന്ന് പ്രത്യക്ഷപ്പെടുകയും അതുവഴി ഇവരെല്ലാം സത്യവിശ്വാസികളായിത്തീരുകയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! ഇന്നല്ലെങ്കിൽ നാളെ അത്തരമൊരത്ഭുതം പ്രത്യക്ഷപ്പെട്ടേക്കുമെന്ന് അവർ പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. ഈ പശ്ചാത്തലത്തിൽ അല്ലാഹു പ്രവാചകനെ സംബോധന ചെയ്തുകൊണ്ട് വിശ്വാസികളെ ബോധവൽകരിക്കുകയാണിവിടെ.

കഴിഞ്ഞുപോയ സമൂഹങ്ങളിലെല്ലാം അല്ലാഹു സന്മാർഗ പ്രബോധകരായ ദൈവദൂതന്മാരെ നിയോഗിച്ചിരുന്നുവെന്നറിയാമല്ലോ. ഈ സൂറക്ക് തൊട്ടുമുമ്പുള്ള യൂസുഫ്, യൂനുസ്, ഹൂദ് സൂറകളിൽ അവരിൽ പലരുടെയും ചരിത്രം വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഇപ്പോൾ അവരുടെയെല്ലാം പിൻഗാമികളായി നിലവിലുള്ള സമൂഹത്തിൽ അല്ലാഹു മുഹമ്മദ് നബിയെ ദൂതനായി നിശ്ചയിച്ചിരിക്കുകയാണ്. അവൻ ദിവ്യബോധനം വഴി നൽകുന്ന സന്ദേശങ്ങൾ ജനങ്ങളെ കേൾപ്പിച്ച് അവരെ സത്യത്തിലേക്കും ധർമത്തിലേക്കും ക്ഷണിക്കുകയാണദ്ദേഹത്തിന്റെ ഉത്തരവാദിത്വം. കരുണാവാരിധിയായ അല്ലാഹുവിനെ നിഷേധിച്ചു വാഴുകയാണവരിപ്പോൾ. എന്റെ വിധാതാവ് ആ കരുണാവാരിധിയായ ദൈവമാണെന്നും അവനല്ലാതെ വേറെ ദൈവമില്ലെന്നും അവനിലാണ് ഞാൻ സർവസ്വം സമർപ്പിക്കുന്നതെന്നും അവനാണ് അന്തിമ ശരണാലയമെന്നും അവരെ പ്രബോധനം ചെയ്യുക.

يُشْرِكُون بالله അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നു എന്നതിനുപകരം يَكْفُرُونَ بِالرَّحْمَٰنِ എന്നാണുപയോഗിച്ചിരിക്കുന്നത്. പരമകാരുണികനെ നിഷേധിക്കുന്നു എന്ന്. വാസ്തവത്തിൽ അറബികൾ നാസ്തികരായിരുന്നില്ല; ബഹുദൈവവിശ്വാസികളായിരുന്നു. ബഹുദൈവവിശ്വാസവും ദൈവനിഷേധവും അടിസ്ഥാനപരമായി ഒന്നുതന്നെയാണെന്ന് *ഖുർആൻബോധനം* പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. الرحمن -പരമകാരുണികനെ- നിഷേധിക്കുന്നുവെന്ന് പറഞ്ഞത് അക്ഷരാർഥത്തിലും ശരിയാണ്. കരുണാനിധി, ദയാപരൻ, സ്നേഹമയൻ തുടങ്ങിയ ദൈവനാമങ്ങൾ വിഗ്രഹാരാധകർക്ക് അപരിചിതമായിരുന്നു. അതൊന്നും പരമേശ്വരന് ചേർന്ന ഗുണങ്ങളായേ അവർ കരുതിയിരുന്നില്ല. അവർക്ക് ഇടപാട് ഉപദൈവങ്ങളുമായിട്ടാണ്. ഉപദൈവങ്ങളെ പൂജിച്ച് പ്രസാദിപ്പിച്ചാൽ അതിന്റെ വിലയായി അവർ അനുഗ്രഹങ്ങളും ആഗ്രഹസാഫല്യവും നൽകും. അത്രതന്നെ. 'റഹ്മാൻ' -പരമകാരുണികൻ- എന്ന ദൈവനാമത്തോടുള്ള അവരുടെ വിരക്തിയെക്കുറിച്ച് ഖുർആൻ 25:60ൽ പ്രസ്താവിക്കുന്നുണ്ട്.

وَإِذَا قِيلَ لَهُمُ ٱسْجُدُوا۟ لِلرَّحْمَٰنِ قَالُوا۟ وَمَا ٱلرَّحْمَٰنُ أَنَسْجُدُ
لِمَا تَأْمُرُنَا وَزَادَهُمْ نُفُورًا ۩ ﴿٦٠﴾

(അവരോട് റഹ്മാന് പ്രണാമം ചെയ്യുക എന്നുപറഞ്ഞാൽ ചോദിക്കുന്നു: എന്തു റഹ്മാൻ? ഞങ്ങൾ നീ പറയുന്നവർക്ക് പ്രണാമം ചെയ്യണമെന്നോ?) ഹുദൈബിയാ സന്ധി ആദ്യം "ബിസ്മില്ലാഹിർറഹ്മാനി......" എന്നെഴുതിത്തുടങ്ങിയപ്പോൾ 'റഹ്മാനെ' ഞങ്ങൾക്കറിയില്ലെന്നും അതുകൊണ്ട് ബിസ്മിക്കല്ലാഹുമ്മ (അല്ലാഹുവേ നിന്റെ നാമത്തിൽ) എന്നു തുടങ്ങണമെന്നും ഖുറൈശികൾ ശഠിച്ചത് പ്രസ്താവ്യമാകുന്നു.

'റഹ്മാനാണ് എന്റെ വിധാതാവ്, അവനല്ലാതെ വേറെ ദൈവമില്ല' എന്നതിനു ശേഷം 'ഞാൻ സർവതും അവനിൽ സമർപ്പിക്കുന്നു, അവൻ മാത്രമാണന്തിമശരണം' എന്നു പറഞ്ഞത് തൗഹീദ് -ഏകദൈവവിശ്വാസം- ജീവിതത്തിൽ ചെലുത്തേണ്ട സ്വാധീനത്തെ സൂചിപ്പിക്കുന്നു. ഏകദൈവവിശ്വാസം എന്നാൽ ദൈവം ഒന്നേയുള്ളൂ എന്നത് ഒരാശയമായി അംഗീകരിക്കുക മാത്രമല്ല; ജീവിതം മുഴുവൻ ആ ഏകദൈവത്തിനു സമർപ്പിക്കൽ കൂടിയാണ്. ഏകദൈവത്തിന്റെ ആജ്ഞാനിരോധങ്ങൾക്കനുസരിച്ചായിരിക്കണം വിശ്വാസിയുടെ ജീവിതം. അഭയവും ആഗ്രഹസാഫല്യവും തേടുന്നത് അവനോട് മാത്രമായിരിക്കണം. ആളുകൾ ആവശ്യപ്പെടുന്ന പർവതങ്ങളെ നീക്കം ചെയ്യുക, ഭൂമിയെ പിളർക്കുക, മരിച്ചവരെ സംസാരിപ്പിക്കുക തുടങ്ങിയ അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താൻ അല്ലാഹുവിന്ന് ഒരു പ്രയാസവുമില്ല. പക്ഷേ, അത്ഭുതങ്ങൾ കാട്ടി ആളുകളെ ഭ്രമിപ്പിച്ചു വശത്താക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല. അത്ഭുതങ്ങളിൽ ഭ്രമിക്കുന്നവർ തത്കാലം തോൽവി സമ്മതിക്കുമെന്നല്ലാതെ യഥാർഥ വിശ്വാസം ഉൾക്കൊള്ളുകയില്ല. ക്രമേണ അവർ പുതിയ പുതിയ ന്യായങ്ങൾ കണ്ടെത്തി പഴയ നിലപാടിലേക്കു തന്നെ മടങ്ങുകയാണുണ്ടാവുക. അതിന്റെ ഫലം അവരുടെ സർവനാശമായിരിക്കും. കരുണാമയനായ അല്ലാഹു അതാഗ്രഹിക്കുന്നില്ല. അവർക്ക് ചിന്തിക്കാനും സ്വയം സംസ്കരിക്കാനും അവസരം നൽകുകയാണവൻ. ബുദ്ധിപൂർവം ചിന്തിച്ച് ഗ്രഹിച്ചാണ് ആളുകൾ സത്യവിശ്വാസം സ്വീകരിക്കേണ്ടത്. നിലനിൽക്കുകയും ജീവിതത്തെ സൃഷ്ടിപരമായി സ്വാധീനിക്കുകയും ചെയ്യുന്ന വിശ്വാസം അതാണ്.

സത്യവിശ്വാസികളിൽ ചിലർ, അവിശ്വാസികളെ വിശ്വാസിക്കാൻ നിർബന്ധിതരാക്കുന്ന വല്ല അത്ഭുതദൃഷ്ടാന്തമോ ദൈവശിക്ഷയോ പ്രത്യക്ഷപ്പെട്ടെങ്കിൽ എന്നാശിക്കുന്നുണ്ട്. ഈ ആശ അർഥശൂന്യമാണെന്ന് അവർ മനസ്സിലാക്കേണ്ടതുണ്ട്. ആളുകളെ നിർബന്ധിച്ച് സത്യവിശ്വാസത്തിലേക്കും സന്മാർഗത്തിലേക്കും നയിക്കുക അല്ലാഹുവിന്റെ രീതിയല്ല. അങ്ങനെയാണെങ്കിൽ പ്രവാചക നിയോഗങ്ങളുടെയോ വേദങ്ങളുടെയോ യാതൊരാവശ്യവുമില്ലായിരുന്നു. സത്യവിശ്വാസികളും സന്മാർഗികളും മാത്രമായിരിക്കാൻ കഴിയുന്ന- അവിശ്വാസത്തിനോ ദുർമാർഗത്തിനോ കഴിയാത്ത- പ്രകൃതിയോടെ മനുഷ്യരെ സൃഷ്ടിച്ചാൽ മതിയായിരുന്നു. പക്ഷേ, അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് സത്യവും സന്മാർഗവും ബോധപൂർവം സ്വതന്ത്രമായി തെരഞ്ഞെടുക്കാൻ കഴിയുന്ന പ്രകൃതിയോടു കൂടിയാണ്. ഈ സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കാൻ സഹായകമായ ഉപാധികളും അവൻ സജ്ജീകരിച്ചിരിക്കുന്നു. അതിന്റെ ഭാഗമാണ് പ്രവാചക നിയോഗം. പ്രവാചകന്മാരുടെ യാഥാർഥ്യം മനസ്സിലാക്കാൻ അവർ പ്രബോധനം ചെയ്യുന്ന വേദപ്രമാണങ്ങൾ തന്നെ മതിയായ ദൃഷ്ടാന്തമാണ്. കൂടാതെ സത്യവും ധർമവും ധിക്കരിച്ചു വാഴുന്നവരുടെ ദുഷ്ചെയ്തികൾ കാലാകാലങ്ങളിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിപൽക്കരമായ പ്രത്യാഘാതങ്ങളുമുണ്ട്. അതിവൃഷ്ടി, അനാവൃഷ്ടി, കൊടുങ്കാറ്റ്, ഭൂകമ്പം, കടൽക്ഷോഭം തുടങ്ങിയ വിപത്തുകൾ അവരെയല്ലെങ്കിൽ അവരുടെ പരിസരപ്രദേശങ്ങളെ ബാധിച്ചുവരുന്നുണ്ട്. അല്ലാഹുവിന്റെ വാഗ്ദത്തം പുലരുന്നതുവരെ ഇതിങ്ങനെ തുടർന്നുകൊണ്ടിരിക്കും. അല്ലാഹുവിന്റെ വാഗ്ദത്തം പലരോടും പലതാണ്. മുന്നറിയിപ്പുകളൊന്നും അശേഷം വിലവെക്കാതെ അധർമത്തിലൂടെ മുന്നോ

ട്ടുപോയ ചില സമുദായങ്ങൾക്ക് വാഗ്ദത്തം ചെയ്തത് ഉന്മൂലന ശിക്ഷയായിരുന്നു. ആദ്-സമൂദ് ജനതകൾ ഉദാഹരണം. മറ്റു ചിലർക്ക് പ്രവാചകന്മാരുടെ വിജയമായിരുന്നു. ഉദാഹരണം യൂസുഫ്, മൂസാ, ദാവൂദ്, സുലൈമാൻ തുടങ്ങിയ പ്രവാചകന്മാർ. മുഹമ്മദ് നബി(സ)യും അക്കൂട്ടത്തിൽ പെടുന്നു. മക്കാ വിമോചന-ഫത്ഹുമക്ക- ത്തോടെ ആ വാഗ്ദാനം പുലർന്നു. എല്ലാവർക്കും ഒരുപോലെ ബാധകമായ ദൈവിക വാഗ്ദാനമാണ് മരണാനന്തര ഉയിർത്തെഴുന്നേൽപും വിചാരണയും. അത് അതിനു നിശ്ചയിച്ച സമയത്ത് നടക്കും. ഏതായാലും അല്ലാഹു ഒരിക്കലും വാഗ്ദാനം ലംഘിക്കുകയില്ല. തൗബയുടെ സ്ഥലനാമമാണ് സൂക്തസമാപനത്തിലെ مَتَابِ. മുൻ സൂക്തത്തിലെ مَتَابِ ന്റെ അർഥം തന്നെയാണിതിനുമുള്ളത്.

سار (സഞ്ചരിച്ചു) യുടെ സകർമക രൂപമായ سيّر യുടെ വർത്തമാന രൂപമാണ് يسيّر. മലകളെ വിദൂര സ്ഥാനങ്ങളിലേക്ക് നീക്കിക്കൊണ്ടുപോവുകയാണ് ഇവിടെ ഉദ്ദേശ്യം. قطّعت ന്റെ ഭാഷാർഥം 'മുറിക്കപ്പെട്ടു' എന്നാണ്. പിളർത്തി, കീറി എന്നാണിവിടെ വിവക്ഷ. ييأس യുടെ ഭാഷാർഥം നിരാശപ്പെടുത്തുന്നു എന്നാണ്. يئس ആണ് ഇതിന്റെ മൂലം. ഹവാസിൻ ഗോത്രം يئس നെ علْم (അറിവ്) എന്ന അർഥത്തിൽ ഉപയോഗിച്ചിരുന്നു. ആ അർഥമാണ് ഇവിടെ ഉദ്ദേശിച്ചതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. يتبين (വ്യക്തമാകുന്നു) എന്നാണ് ഈ സന്ദർഭത്തിൽ ييأس യുടെ അർഥമെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചിരിക്കുന്നു. ചില പണ്ഡിതന്മാർ പ്രചുരമായ ഭാഷാർഥത്തിൽ തന്നെ ഈ പദം മനസിലാക്കുന്നു. ഈ ആശയങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന തർജമയാണ് *ഖുർആൻ ബോധനം* സ്വീകരിച്ചിട്ടുള്ളത്. ഒന്നു മറ്റൊന്നിൽ ചെന്നിടിക്കുകയാണ് قرع. ഇതിന്റെ കർതൃപദമാണ് قَارِعَةٌ. ആഘാതം, അത്യാഹിതം, മഹാവിപത്ത് എന്നൊക്കെ പ്രയോഗാർഥങ്ങൾ.

**32:** ആവശ്യപ്പെട്ടതുപ്രകാരം ദിവ്യാത്ഭുതങ്ങൾ കാണിക്കാത്തതിന്റെ പേരിൽ പ്രവാചകനെ അവിശ്വാസികൾ രൂക്ഷമായി പരിഹസിക്കുകയും പുഛിക്കുകയും ചെയ്തിരുന്നു. ആ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തെ ആശ്വസിപ്പിക്കുകയാണ്: ഇവരുടെ പരിഹാസങ്ങൾ കേട്ട് വ്യഥിതനാകരുത്. പ്രവാചകന്മാർ പരിഹസിക്കപ്പെടുകയും പുഛിക്കപ്പെടുകയും ചെയ്യുക പുതുമയുള്ള കാര്യമല്ല. പൂർവ പ്രവാചകന്മാർക്കും ഇതൊക്കെ നേരിടേണ്ടി വന്നിട്ടുണ്ട്. അവർ ക്ഷമയോടെ, സ്ഥൈര്യത്തോടെ അതെല്ലാം തരണം ചെയ്ത് സ്വന്തം ദൗത്യവുമായി മുന്നോട്ടുപോവുകയായിരുന്നു.

അവിശ്വാസികളുടെ പരിഹാസവും പീഡനവും അല്ലാഹു കാണാത്തതുകൊണ്ടോ അവഗണിക്കുന്നതുകൊണ്ടോ അല്ല അതൊക്കെ നിർബാധം നടക്കുന്നത്. അല്ലാഹു അവർക്ക് പുനരാലോചിക്കാനും സ്വയം സംസ്കരിക്കാനും സാവകാശം നൽകുകയായിരുന്നു. ആ അവസരം പ്രയോജനപ്പെടുത്തിയവർ രക്ഷപ്പെട്ടു. തങ്ങളുടെ അക്രമങ്ങളിലും അധർമങ്ങളിലും ഉറച്ചുനിന്നവർ ഒടുവിൽ ശിക്ഷിക്കപ്പെട്ടു. ആ ദൈവശിക്ഷ എത്ര കൊടൂരമായിരുന്നുവെന്ന് ചരിത്രം പരിശോധിക്കുന്നവർക്ക് നിഷ്പ്രയാസം മനസ്സിലാക്കാം. സ്വന്തം നിലപാട് പുനപരിശോധിക്കാൻ തയാറാകുന്നില്ലെങ്കിൽ ഈ അന്ത്യപ്രവാചകനെ പീഡിപ്പിക്കുന്നവരെയും കാത്തിരിക്കുന്ന പരിണതി അതുതന്നെയാണ്. ■